## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1755** **13-02-2025 - ൽ മറുപടിയ്ക്ക്**

## ആശ്വാസ കിരണം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന ആശ്വാസ കിരണം പദ്ധതിയിൽ നാല് വർഷത്തിലധികമായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കിയിട്ടില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | 11.10.2012 തീയതിയിലെ സ.ഉ.(എം.എസ്)നം.60/2012/സാക്ഷേവ ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവർക്ക് പുറമെ 100% അന്ധത ബാധിച്ചവരേയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. അതുകൊണ്ടുതന്നെ,2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകൾക്ക് മാത്രമേ ഇതുവരെ ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടുള്ളൂ. |
| (ബി) | ധനസഹായം ലഭിക്കാത്തതുമൂലം രോഗികളും അവരെ പരിചരിക്കുന്നവരും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് അടിയന്തരമായി കുടിശിക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; എത്ര മാസത്തെ കുടിശിക കൊടുത്ത് തീർക്കുവാൻ ഉണ്ടെന്ന് അറിയിക്കുമോ; കുടിശിക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | ആശ്വാസകിരണം പദ്ധതിക്ക് 2024-2025 സാമ്പത്തികവർഷം ബജറ്റുവിഹിതമായി 37.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,91,81,611 രൂപ 27962 ഗുണഭോക്താക്കൾക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി അനുവദിച്ച 10 കോടി രൂപ ഉപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം ഇടുക്കി വയനാട്, കാസർഗോഡ് എന്നി ജില്ലകളിലെ യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച ഗുണഭോക്താക്കൾക്ക് 7 മാസത്തെ ധനസഹായവും ബാക്കി 7 ജില്ലകൾക്ക് 8 മാസത്തെ ധനസഹായവും നിശ്ചിത തീയതിക്കുശേഷം ലൈഫ് സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചവർക്ക് അവർ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ പരമാവധി 2 മാസം വരെ ധനസഹായവും ഉൾപ്പെടെ ആകെ 28028 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം മാസംതോറും അനുവദിക്കുന്ന തുക നാമമാത്രമായതിനാൽ അത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ